പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 352 12.06.2012-ൽ മറുപടിയ്ക്ക്

## പവർകട്ട്/ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാനുണ്ടായ സാഹചര്യം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പവർകട്ടോ, ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തി യിരുന്നോ ; എങ്കിൽ എന്ന് മുതലാണ് ഇത് തുടങ്ങിയത് ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 63 ദിവസം സംസ്ഥാനമൊട്ടാകെ സൈക്ളിക് ലോഡ്ഷെഡ്ഡിംഗ് ഏർ പ്പെടുത്തിയിരുന്നു. |
| (ബി) | പവർകട്ട്/ലോഡ്ഷെഡ്ഡിംഗ് നടപ്പി ലാക്കുന്നതിനുള്ള സാഹചര്യം എന്തായിരുന്നു ; | (ബി) | സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗ ത്തിലുണ്ടായ വർദ്ധനവ്, ദ്രവ ഇന്ധന വൈദ്യുതി നിലയങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയിലുണ്ടായ വർദ്ധനവ്, പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നുമുള്ള വൈദ്യുതി യുടെ ലഭ്യതയിലുള്ള കുറവ്, ജലവൈ ദ്യുതി നിലയങ്ങളിൽ നിന്നുള്ള ഉല്പാദന കുറവ് എന്നിവ മൂലമുണ്ടായ പ്രതി സന്ധി തരണം ചെയ്യുന്നതിന് റെഗുലേറ്ററി കമ്മീഷൻെറ 30-03-2012-ലെ ഉത്തരവു പ്രകാര മാണ് ലെഡ് ഷെഡ്ഡിംഗ് ഏർപ്പെടു ത്തിയത്. |
| (സി) | പവർകട്ട്/ലോഡ്ഷെഡ്ഡിംഗ് പിൻവലി ച്ചിട്ടുണ്ടോ ;' എങ്കിൽ എന്നാണ് പിൻവലിച്ചതെന്നും പിൻവലിക്കാ നുണ്ടായ സാഹചര്യം എന്താ ണെന്നും വ്യക്തമാക്കുമോ ? | (സി) | 2012 ഏപ്രിൽ 2-ാം തീയതി മുതൽ ഏർപ്പെടുത്തിയ ലോഡ്ഷെഡ്ഡിംഗ് 2012 മെയ് 22-ാം തീയതി പിൻവലിച്ചു. ലോഡ്ഷെഡ്ഡിംഗ് ഏർ പ്പെടുത്തിയതു മൂലം പ്രതിദിനം ഏക ദേശം 1.5 ദശലക്ഷം യൂണിറ്റിൻെറ കുറവാണ് ഉപഭോഗത്തിൽ അനുഭവ പ്പെട്ടിരുന്നത്. വേനൽമഴ കാരണം പ്രതിദിന ഉപഭോഗം ശരാശരി 4 ദശ ലക്ഷം യൂണിറ്റ് വരെ കുറഞ്ഞതി നാലും കോഴിക്കോട് താപനിലയ ത്തിലെ എല്ലാ ജനറേറ്ററുകളും പ്രവർത്തനക്ഷമമായതിനാലും കേന്ദ്ര വൈദ്യുതി വിഹിതം കൃത്യമായി ലഭ്യ മായതിനാലും ജജ്ജാർ താപവൈ ദ്യുതി നിലയത്തിൽ നിന്നും അധിക മായി വൈദ്യുതി ലഭിച്ചതിനാലുമാണ് ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കാൻ കഴിഞ്ഞത്. |

സെക്ഷൻ ഓഫീസർ